# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോരുത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം.പി.11/1818/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 07/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോരുത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം.പി.11/1818/2023 തീയ്യതി: 07/12/2023

## കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 26-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2023 | 26-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഡാനിമോൾ കെ ജെ, ഓഡിറ്റ് ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്ധ്യ വിനോദ് | പ്രസിഡന്റ് | 01-04-2022 | 03-10-2022 |
| ജോമോൻ മാത്യു | സെക്രട്ടറി | 01-04-2022 | 03-10-2022 |
| പ്രശാന്ത് ബി | സെക്രട്ടറി | 04-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രജനിമോൾ ടി ഡി | അസി. സെക്രട്ടറി | 01-04-2022 | 20-10-2022 |
| നിയാസ് പി എ | അസി. സെക്രട്ടറി | 21-10-2022 | 31-03-2023 |
| ഡോ. സോനു ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ആസിയ എം.എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. അനിത നാരായണൻ | വെറ്ററിനറി സർജൻ | 01-04-2022 | 30-04-2022 |
| ഡോ. നെൽസൺ മാത്യു | വെറ്ററിനറി സർജൻ | 01-05-2022 | 13-05-2022 |
| ഡോ. സോന സണ്ണി | വെറ്ററിനറി സർജൻ | 14-05-2022 | 31-03-2023 |
| ബെന്നി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ - ഇൻ ചാർജ് (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 01-04-2022 | 28-07-2022 |
| അനു മാത്യു | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 29-07-2022 | 31-03-2023 |
| രാജൻകുട്ടി എൻ ജി | വി ഇ ഒ | 01-04-2022 | 31-03-2023 |
| കണ്ണൻ എസ് പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| വത്സല പി എ | ഹെഡ് മിസ്ട്രസ് | 01-04-2022 | 02-06-2022 |
| ഷീബ രാജൻ | ഹെഡ് മിസ്ട്രസ് | 03-06-2022 | 31-03-2023 |
| രശ്മി കൃഷ്ണൻ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 01-07-2022 |
| ജെനിറ്റ് ജെയിംസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-07-2022 | 31-03-2023 |
| വേണുഗോപാൽ പി.ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| പ്രൊമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഫിഷറീസ് | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാലൻസ് ഷീറ്റിലെ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല | 1-1-6 |
| 8 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | നൽകി മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | എം ജി എൻ ആർ ഇ ജി എസ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - പലിശ തുക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-14 |
| 16 | വരവുകൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5-1 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല- വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പായില്ല | 1-5-2 |
| 22 | ദേശീയതൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |
| 24 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |

| | | |
|---|---|---|
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | വസ്തുനികുതി- നിർണ്ണയത്തിലെ അപാകതകൾ | 1-11 |
| 28 | സഹകരണ ബാങ്ക് കെട്ടിടത്തിലെ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിലും വസ്തു നികുതി നിശ്ചയിച്ചതിലും അപാകത | 1-12 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-13 |
| 30 | എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 31 | അധിക നിർമ്മിതി ക്രമവൽക്കരിക്കാതെ കെട്ടിടത്തിന് ഒക്യൂപ്പൻസി അനുവദിച്ചു | 1-15 |
| 32 | പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസിൽ നിന്ന് വാടക ഈടാക്കുന്നില്ല | 1-16 |
| 33 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം | 1-17 |
| 34 | ഇ-ടെണ്ടർ ഫീസ് 11266 രൂപ കുടിശിക | 1-18 |
| 35 | പട്ടികവർഗസങ്കേതത്തിൽ സാംസ്കാരികനിലയം നിർമ്മിക്കുന്നതിന് ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചില്ല. | 1-19 |
| 36 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 1376000രൂപ തിരികെ നൽകിയത്- തുടർനടപടികൾ സ്വീകരിച്ചില്ല. | 1-20 |
| 37 | ഫൈൻ തുക കണക്കാക്കിയതിൽ കുറവ് | 1-21 |
| 38 | ടേക്ക് എ ബ്രേക്ക് നിർമ്മാണം - 24.76 ലക്ഷം രൂപ മുടക്കിയ പ്രോജക്ട് ഉപേക്ഷിച്ച നിലയിൽ | 1-22 |
| 39 | പൊളിച്ച് നീക്കിയ സാധനങ്ങളുടെ സർവ്വേറിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-23 |
| 40 | കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷങ്ങൾ പൂർത്തീകരിക്കാതെ ഭവന പുനരുദ്ധാരണത്തിന് സബ്സിഡി അനുവദിച്ചു. | 1-24 |
| 41 | പട്ടികവർഗകോളനിയിൽ റോഡുകൾ കോൺക്രീറ്റുചെയ്യുന്നതിന് കോർപ്പസ് ഫണ്ട് അനുവദിച്ചത് - പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നില്ല. | 1-25 |
| 42 | അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 43 | ഭവനപുനരുദ്ധാരണ പ്രോജക്ട് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-27 |
| 44 | ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു | 1-28 |
| 45 | മുൻ വർഷം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് തൻവർഷവും ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. | 1-29 |
| 46 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി വികസന ഫണ്ട് ചെലവഴിച്ചത് ക്രമവിരുദ്ധം | 1-30 |

| | | |
|---|---|---|
| 47 | വിനിയോഗ പൂർത്തികരണ വിവരങ്ങൾ ലഭ്യമല്ല | 1-31 |
| 48 | ആസ്തിരജിസ്റ്റർ കാലികമാക്കലും ഡിജിറ്റലൈസ് ചെയ്യലും പ്രോജക്ട് ഫലപ്രദമായില്ല | 1-32 |
| 49 | വനിതാവ്യവസായ വിപണന പരിശീലനകേന്ദ്രം നിർജീവാവസ്ഥയിൽ | 1-33 |
| 50 | അധിക വിഭവ സമാഹരണം - അവലോകനം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 05/07/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 14/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോരുത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

### 1-1-1 ബാലൻസ് ഷീറ്റിലെ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല. ആവശ്യമായ ക്രമീകരണങ്ങൾ നടത്തി ഷെഡ്യൂളുകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ

ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വിശകലനം സാധ്യമായിട്ടില്ല.

1-1-3 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-6 ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല

സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്.

1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന് ലഭ്യമാകാനുള്ള കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350300199 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല. സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-1-9 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

1. B7 ഷെഡ്യൂളിലെ 340100103 – Bidders EMD, 340100101 – Contractors' EMD ശീർഷകങ്ങളിലെ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2. B7 ഷെഡ്യൂളിലെ 340100301 – , 340100101 – Contractors' Retention ശീർഷകങ്ങളിലെ തുകകളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുകയുടെ കൃത്യത ഉറപ്പിക്കാനാവുന്നില്ല.
3. B7 ഷെഡ്യൂളിലെ തുകകളുടെ മുന്നിരിപ്പ് തുകകളുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമല്ല.
4. B18 ഷെഡ്യൂളിൽ 460500201, 460500202, 460500204, 460500205 എന്നീ ശീർഷകങ്ങളിലെ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.
5. B18 ഷെഡ്യൂളിലെ തുകകളുടെ മുന്നിരിപ്പ് തുകകളുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമല്ല.

### 1-1-10 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-11 നൽകി മൂന്ന് മാസമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത നിരവധി ചെക്കുകൾ നിലനിൽക്കുന്നു.

### 1-1-12 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഒരു സീറോ ബാലൻസ് അക്കൗണ്ട് (അക്കൗണ്ട് നം.81390100009477) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

### 1-1-13 എം ജി എൻ ആർ ഇ ജി എസ് - തുകകൾ പൊരുത്തപ്പെടുന്നില്ല

എം ജി എൻ ആർ ഇ ജി എസ് വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല .

### 1-1-14 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - പലിശ തുക തെറ്റായി അക്കൗണ്ട് ചെയ്തു

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ തൻവർഷ പലിശ പാസ്സ്ബുക്ക് പ്രകാരം 1,47,394/- രൂപയാണ്. എന്നാൽ ടി തുകയിൽ 60,146/- രൂപ മാത്രമാണ് RP-30 ഷെഡ്യൂളിൽ വരവായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാക്കി തുകയായ 89,248/- രൂപ 171100101 - Interest From Bank Accounts ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

### 1-1-15 വരവുകൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

180400101-Recoveries From Employess Audit Reovery Based On Charge Certificate എന്ന ശീർഷകത്തിൽ വരവ് വച്ച 4075/- രൂപയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 15/03/2023 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 13929671 | 4584651 |
| വരവ് | 114194386 | 163049736 |
| ആകെ | 128124057 | 167634387 |
| ചെലവ് | 121547414 | 178020931 |
| നീക്കിയിരിപ്പ് | 6576643 | -(10386544) |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 16641511.23 |
| ഓഡിറ്റ് വർഷത്തെ വരവ് | 31950623 |
| ആകെ | 48592134.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29667628 |
| നീക്കിയിരിപ്പ് | 18924506.23 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 114194386 |
| ആകെ ചെലവ് | 121547414 |
| വരുമാനമിച്ചം | -(7353028) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -(3279498) |
| അറ്റ പ്രവർത്തന ലാഭം | -(4073530) |

ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,30,222 |

## 1-4 ഗ്രാന്റ് വിനിയോഗം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം രേഖപ്പെടുത്തുന്നതിന് രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17315000 | 17315000 | 14612782 * | 2702218 | 84.39 |
| വികസന ഫണ്ട്-SCSP | 0 | 8502000 | 8502000 | 7546561 | 955439 | 88.76 |
| വികസന ഫണ്ട്- TSP | 0 | 2496000 | 2496000 | 2046059 | 449941 | 82 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 2903532 | 2939271 | 5842803 | 1324199 | 4518604 | 22.66 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 6188068 | 6188068 | 3214979 | 2973089 | 52 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 10254000 | 10254000 | 5857461 | 4396539 | 57.12 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 4570000 | 4570000 | 4485752 | 84248 | 98.16 |
| SSA ഫണ്ട് | 127885 | 6394 | 134279 | 0 | 134279 | |
| ICDS ഫണ്ട് | 1622201 | 866476 | 2488677 | 968794 | 1519883 | |
| ശബരിമല ഗ്രാന്റ് | 4854300 | 613000 | 5467300 | 1026491 | 4440809 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2531137 | 583217 | 3114354 | 1413428 | 1700926 | |
| നിർമ്മൽ പുരസ്കാരം | 250000 | - | 250000 | - | 250000 | |

*ചെലവ് പത്രിക പ്രകാരമുള്ളത്

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം, എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 24,17,193/- രൂപ 23/06/2022 ലെ G.O.(Rt) No.4585/2022/Fin ഉത്തരവ് പ്രകാരം ക്യാരിഓവർ വിഹിതമായി തൻവർഷം ലഭിച്ചിട്ടുണ്ട്. സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 226/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസന ഫണ്ട് -ജനറൽ |
| 228/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | |
| 240/23 | 350400 | |

| | | |
|---|---|---|
| അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | | |
| 229/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 795749 | |
| 419/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ജനറൽ ) | 795748 | |
| ആകെ | 2642697 | |
| 230/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 314780 | വികസന ഫണ്ട് -എസ്.സി.പി. |
| 238/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 314781 | |
| ആകെ | 629561 | |
| 193/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി.) | 13950 | വികസന ഫണ്ട് -ടി.എസ്.പി. |
| 194/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി.) | 13949 | |
| ആകെ | 27899 | |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2022-23 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് (Tied 39.90 ലക്ഷം രൂപ, Untied 26.60 ലക്ഷം രൂപ) പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും (എസ് ബി ഐ, കോരുത്തോട് ശാഖ, അക്കൗണ്ട് നം. 40081155214) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ക്യാരി ഓവർ വിഹിതമായി ട്രഷറിയിൽ ലഭിച്ച 2417193/- രൂപയിൽ 882788/- രൂപ മാത്രമാണ് ചെലവഴിച്ചത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ഫണ്ടിന്റെ വിനിയോഗത്തിലെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച് വാർഷിക കണക്കുകൾ, ചെലവ് പത്രിക എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതുമായ അപാകതകൾ താഴെ വിവരിക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2642697/- രൂപ, 629561/- രൂപ, 27899/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവയുടെ മുന്നിരിപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ ഉദ്ദേശ്യം, പ്രോജക്ട്, ലഭിച്ച കാലയളവ്, ലഭ്യമാക്കിയ ഏജൻസി തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ എ.സി.ആറിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. ശബരിമല ഗ്രാന്റ് ചെലവ് സംസ്ഥാനാവിഷ്കൃത വിഹിതമായി ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ആയതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള 1026491/- രൂപ ചെലവ് തുകയുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല .

5. <u>വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട ചെലവുകൾ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് വിനിയോഗ പത്രികയിലും ഉൾപ്പെട്ടിട്ടില്ല.</u>

1. പ്രോജക്ട് നം. 28/23 - 77-ാം നമ്പർ അംഗൻവാടി വൈദ്യുതീകരണത്തിനായി ഡെവലപ്മെന്റ് ഫണ്ട് - ജനറൽ വിഭാഗത്തിൽ നിന്നും 52,131/- രൂപ ബിൽ നം. 5/22-23/12.05.22 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് വിനിയോഗ പത്രികയിലും ടി ചെലവ് ഉൾപ്പെട്ടിട്ടില്ല.

2. പ്രോജക്ട് നം. 219/23 - ശബരിമല തീർത്ഥാടന പാതയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലിനായി ശബരിമല ഗ്രാന്റിൽ നിന്നും 5,99,432/- രൂപ ബിൽ നം. 166/22-23/12.12.222 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് വിനിയോഗ പത്രികയിലും ടി ചെലവ് ഉൾപ്പെട്ടിട്ടില്ല.

3. പ്രോജക്ട് നം. 54/23 - അംഗൻവാടികൾ, സ്കൂളുകൾ എന്നിവയുടെ സോക്ക്പിറ്റ് നിർമ്മാണത്തിനായി സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ (Untied) നിന്ന് 71593/-രൂപ ബിൽ നം. 27/22-23/15.06.22 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് വിനിയോഗ പത്രികയിലും ടി ചെലവ് ഉൾപ്പെട്ടിട്ടില്ല.

6. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ തൻവർഷ പലിശ 1,47,394/- രൂപയാണ്. എന്നാൽ ടി തുകയിൽ 60,146/- രൂപ മാത്രമാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് അക്കൗണ്ടിൽ വരവായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. എ.സി.ആറിലും ഗ്രാന്റ് പത്രികയിലും അലോട്ട്മെന്റിൽ ടി തുകയുടെ അലോട്ട്മെന്റ് കുറവായി പ്രതിഫലിക്കുന്നു .

7. ധനകാര്യകമ്മീഷൻ ഗ്രാന്റ് രജിസ്റ്ററിൽ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

8. പഞ്ചായത്തിൽ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക അപൂർണ്ണമാണ്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ 2022-23 എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പിന്റെ എല്ലാ വിശദാംശങ്ങളും (ലഭിച്ച കാലയളവ്, ഉദ്ദേശ്യം, പ്രോജക്ട്, ലഭ്യമാക്കിയ സർക്കാർ അതോറിറ്റി) സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അപാകതകളും കണക്കുകൾ സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 ആയി ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5-1 പദ്ധതി അവലോകനം

സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രങ്ങളായി തദ്ദേശഭരണസ്ഥാപനങ്ങളെ വികസിപ്പിക്കുക എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതുസമീപനം. പിന്നോക്കവിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് ഇതിൽ ലക്ഷ്യമാക്കുന്നത്. വികസനപ്രക്രിയയിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിനുമുമ്പ് തന്നെ കൈവരിക്കുകയെന്നതും പ്രധാനമാണ്. സമഗ്രമായ വികസന ഇടപെടലുകളിലൂടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും തദ്വാരാ സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് പദ്ധതിയുടെ അന്തിമ ലക്ഷ്യവുമാണ്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കായി സ.ഉ.(കൈ) 84/2022 /ത.സ്വ.ഭ.വ തീയതി 19.4.2022 പ്രകാരം തയ്യാറാക്കിയ മാർഗരേഖയുടെ അടിസ്ഥാനത്തിൽ 8-4-2022ൽ ചേർന്ന ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാനപ്രകാരം 14-ാം പഞ്ചവത്സര പദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) അംഗീകാരവും 28-2-2023ൽ ചേർന്ന കമ്മിറ്റി 1-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരവും നൽകിയിട്ടുണ്ട്. 05-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിക്കുകയും ചെയ്തു.

പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ാം തീയതിയ്ക്കുമുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ, ആവശ്യമെങ്കിൽ, പുന:സംഘടിപ്പിക്കേണ്ടതും ആസൂത്രണസമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്. പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരേണ്ടതുമാണ്.
പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ഭരണസമിതിയുടെയും ആസൂത്രണസമിതിയുടെയും നിർദ്ദേശപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യാനുസരണം യോഗം ചേരുകയും വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചശേഷം മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതുമാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണ പുരോഗതി അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യേണ്ടതും കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയെന്നതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ ജാഗ്രത പുലർത്തേണ്ടതാണ്.

ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന ജല-ശുചിത്വ സേവനങ്ങൾക്കും ജല-ശുചിത്വ സേവനങ്ങൾ ഒഴികെയുള്ള വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കും ആയി രണ്ടുഭാഗങ്ങൾ ഉൾപ്പെടുന്ന 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് തൻവർഷം തയ്യാറാക്കിയിരുന്നില്ല.

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 194 പ്രോജക്ടുകളിൽ 139 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 54209190/- രൂപയാണ്. ചെലവ് 31.8%. സംസ്ഥാനാവിഷ്കൃതഫണ്ട്, ജില്ലാപഞ്ചായത്ത് വിഹിതം, ബ്ലോക്ക്പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ ഭീമമായ തുകകൾ വകയിരുത്തിയതിനാൽ അടങ്കൽ ഉയരുകയും എന്നാൽ തദനുസൃതമായി തുക ലഭ്യമാകാതിരുന്നതുമാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. ചെലവ് ശതമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| | ആസൂത്രണം ചെയ്തത് | നടപ്പാക്കിയത് | | | |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 42 | 32 | 11530256 | 7689380 | 66.69 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1657040 | 1657040 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 24 | 110038958 | 19886369 | 18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11 | 9 | 3955000 | 2975006 | 75.22 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 660000 | 660000 | 100 |
| കൃഷി ഓഫീസർ | 8 | 8 | 1703840 | 1453530 | 85 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 350000 | 251898 | 72 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 4475840 | 3556338 | 79.5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 40 | 31253617 | 12753895 | 40.81 |
| വെറ്ററിനറി സർജൻ | 12 | 9 | 4046178 | 3256473 | 80.5 |
| ഹെഡ്മാസ്റ്റർ | 2 | 2 | 70000 | 69261 | 98.94 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 500000 | 0 | 0 |
| ആകെ | 194 | 139 | 170240729 | 54209190 | 31.80 |

സഞ്ചിതനിധിയിലേയ്ക്ക് 8588385/- രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 2702218 |
| വികസന ഫണ്ട്-SCP | 955439 |
| വികസന ഫണ്ട്-TSP | 449941 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 4396539 |


| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 84248 |
| ആകെ | 8588385 |

തുടർന്നുള്ള വർഷങ്ങളിൽ ലാപ്സായ തുക ക്യാരി ഓവർ വിഹിതമായി കിട്ടിയില്ലയെങ്കിൽ ഫണ്ടുകൾ പൂർണ്ണമായി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. മെയിന്റനൻസ് ഗ്രാന്റ് -റോഡ് വിഹിതത്തിൽ സാമ്പത്തികവർഷം അനുവദിച്ച തുകയുടെ പരമാവധി 20% വരെ മാത്രമാണ് ക്യാരി ഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുകയുള്ളു എന്നതിനാൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനാവാത്തവിധം 2345739/-രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. കഴിയുന്നതും പ്രാവർത്തികമാക്കാവുന്നതും പ്രയോജനപ്രദവുമായ പ്രോജക്ടുകൾ തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്ത് ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5-2 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമല്ല-വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പായില്ല


2022-23 വർഷം പൊതുമരാമത്ത് പ്രവൃത്തികൾക്കായി 3.12കോടി രൂപ വകയിരുത്തിയെങ്കിലും 1.27കോടി രൂപ (40.80%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ അംഗീകാരം കിട്ടിയ 71 പ്രോജക്ടുകളിൽ 40 എണ്ണം ഏറ്റെടുത്തെങ്കിലും 28 പ്രോജക്ടുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. നിർവ്വഹണ ഘട്ടങ്ങൾ പരിശോധിച്ചതിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ടെണ്ടർ തുറന്ന തീയതി | ടെണ്ടർ ക്ഷണിച്ച പ്രോജക്ടുകളുടെ എണ്ണം | ടെണ്ടർ അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 11-11-2022 | 10 | 4 | |
| 4-1-2023 | 25 | 0 | |
| 4-1-2023 | 9 | 8 | E-Tender |
| 23-1-23 | 25 | 25 | Single Tender |
| 22-3-23 | 9 | 9 | Quotation |




2022-23 വർഷം ജനവരി മാസം അവസാനത്തോടുകൂടി മാത്രമാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിച്ചത്. സാമ്പത്തിക വർഷം ആദ്യത്തെ 10 മാസം എസ്റ്റിമേറ്റ് തയ്യാറാക്കൽ മുതൽ ടെണ്ടറിംഗ് വരെയുള്ള നടപടികൾ മാത്രമാണ് നടന്നത്. 4-1-23 ൽ ലഭിച്ച 25 ടെണ്ടറുകൾ അപാകത മൂലം റീടെണ്ടർ

ചെയ്ത സാഹചര്യവും പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിൽ കരാറുകാർ ജാഗ്രത പുലർത്തുന്നില്ല എന്നതും പദ്ധതിച്ചെലവ് കുറയുന്നതിന് കാരണമായിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ സമയബന്ധിതമായ പ്രവർത്തനങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തിലുണ്ടായില്ല എന്നത് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ട വിഷയമാണ്. പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഏകദേശം രണ്ട് മാസക്കാലയളവ് മാത്രമാണ് ലഭിച്ചത്. പൊതുമരാമത്ത് വിഭാഗത്തിന്റെ കാര്യക്ഷമമല്ലാത്ത നടപടികൾ മൂലം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഡയഗ്രമായി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ വർഷാരംഭത്തിൽ തന്നെ മരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിനും പഞ്ചായത്തിന് സർക്കാർ ധനസഹായം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.




## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 84 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 103 കുടുബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 249 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 128 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 106 പ്രവൃത്തികൾ പൂർത്തീകരിച്ചു. 82306 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 199 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 199 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 580489 | 2399849 | 2980338 | 2832249 | 148089 |
| ഇ.എഫ്.എം.എസ് | | 27198598 | 27198598 | 27198598 | |
| | 580489 | 29598447 | 30178936 | 30030847 | 148089 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,64,56,300 | 1586 |
| കർഷക തൊഴിലാളി പെൻഷൻ | 26,38,600 | 233 |
| വിധവ പെൻഷൻ | 54,23,400 | 529 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 188800 | 19 |
| വികലാംഗ പെൻഷൻ | 21,07,100 | 188 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 17/10/2023-ന് 03:15 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി . പ്രസ്തുത പരിശോധനയിൽ 574/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 1.9.2021 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകളുടെ ഉപയോഗം സംബന്ധിച്ച് സെക്രട്ടറിയോ അക്കൗണ്ടന്റോ തുടർ നിരീക്ഷണം നടത്തുന്നില്ല. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാനുള്ള തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഇപ്രകാരമുള്ള കുടിശ്ശിക തുകകളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നിക്ഷേപപ്രവൃത്തികളുടെ നിർമ്മാണം നിരീക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്ന എ.സി.ആർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ലേല രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷികപദ്ധതി നിർവഹണപ്രക്രിയകളിൽ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പരസ്പര ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2022 | 01/2022 - 03/2022 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2023-19.08.2023 | 2019-20 മുതൽ 2022-23 വരെ | 1/171753 തീയതി 09.10.2023 |

## 1-11 വസ്തുനികതി- നിർണ്ണയത്തിലെ അപാകതകൾ

5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് സഞ്ചയ സോഫ്റ്റ്‌വെയറിൽ 1.5 മീറ്ററിൽ കൂടുതൽ എന്ന രേഖപ്പെടുത്തി

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് 1.5 മീറ്ററിൽ കൂടുതൽ എന്ന രേഖപ്പെടുത്തിയതുമൂലം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ 20% വർദ്ധനവ് നൽകാതിരിക്കുകയും തദനുസൃതമായി വസ്തുനികുതിയിനത്തിൽ കുറവുവരികയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേരുവിവരങ്ങൾ | വാർഡ്/ കെട്ടിടനമ്പർ | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | റോഡിന്റെ പേര് | |
|---|---|---|---|---|---|
| ശ്രീമതി.ഹരിത.വി.ആർ, വെള്ളൂപുരയിടത്തിൽ | 6/200A | 85.77 | പാർപ്പിടാവശ്യം | കോരുത്തോട്-മുണ്ടക്കയം | |
| ശ്രീമതി.ബീന ജോസഫ്, ഇല്ലിക്കമുറിയിൽ | 12/377A | 26 | പാർപ്പിടാവശ്യം | കോരുത്തോട്-മുണ്ടക്കയം | |
| ശ്രീ.ഇ.എൻ.ഗോപീദാസ്, ഇടപ്പാട്ട് | 12/377B | 40 | പാർപ്പിടാവശ്യം | കോരുത്തോട്-മുണ്ടക്കയം | |
| ശ്രീ.ഷാജു.സി.ഒ, ചെമ്മരപ്പള്ളി | 12/380A | 27.82 | പാർപ്പിടാവശ്യം | കോരുത്തോട്-മുണ്ടക്കയം | |
| ശ്രീ.രാമൻ മാധവൻ, കോയിപ്പുറത്ത് | 12/65B | 23.36 | പാർപ്പിടാവശ്യം | കോരുത്തോട്-മുണ്ടക്കയം | വസ്തുനികുതി ചുമത്തുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| ശ്രീ.ജോസഫ്.സി.മാത്യു, ചെളിക്കുഴിയിൽ | 9/247A | 165.67 | പാർപ്പിടാവശ്യം | മുണ്ടക്കയം-കുഴിമാവ് | |
| ശ്രീ.അജോയി ജോസഫ്, ചെളിക്കുഴിയിൽ | 9/247B | 164.89 | പാർപ്പിടാവശ്യം | മുണ്ടക്കയം-കുഴിമാവ് | |
| ശ്രീ.പി.എൻ.സുരേഷ്കുമാർ, പാറയിൽ | 9/328B | 91.96 | പാർപ്പിടാവശ്യം | മുണ്ടക്കയം-കുഴിമാവ് | |

ഇതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 23/25.10.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സഞ്ചയയിൽ റോഡുകളുടെ വിവരങ്ങൾ കൃത്യമായി തയ്യാറാക്കി നികതി പരിഷ്ക്കരിക്കേണ്ടതാണ്.

അനധികൃത വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ശ്രീ.വർക്കി ജോസഫ്, മുല്ലമംഗലത്ത്, കോസടി എന്നയാളുടെ ഉടമസ്ഥതയിലുള്ള 9/330B, C, D, E, Fനമ്പരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം അനധികൃതം എന്നാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി കെട്ടിടം നിയമാനുസൃതമാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (23/25.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 സഹകരണ ബാങ്ക് കെട്ടിടത്തിലെ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചതിലും വസ്തു നികുതി നിശ്ചയിച്ചതിലും അപാകത

കോരുത്തോട് വില്ലേജ്, ബ്ലോക്ക് നമ്പർ 30 - ൽ സർവ്വേ നമ്പർ S-385/1, റീസർവേ നമ്പർ R-383/8 ലുള്ള 415 ച.മീ. വസ്തുവിൽ പ്രസിഡന്റ്, കോരുത്തോട് സർവീസ് സഹ. ബാങ്കിന്റെ ഉടമസ്ഥതയിലുള്ള രണ്ട് നില കെട്ടിടത്തോട് കൂട്ടിച്ചേർത്ത് പഞ്ചായത്തിൽ നിന്നുമുള്ള പെർമിറ്റില്ലാതെ ഒരു നില കൂടി (സ്റ്റെയർ റൂം ഉൾപ്പടെ) പണിയുകയും ടി അനധികൃത നിർമ്മാണത്തിന് നമ്പർ ലഭ്യമാക്കുന്നതിനായി 27.06.2022-ലെ A3/1593/2022 നമ്പർ പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ളതുമാണ്. അപേക്ഷകൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം (ഒന്നാം നില - 149.10 M2) ക്രമവൽക്കരിച്ച് ഒക്യുപ്പൻസി അനുവദിക്കുകയും 02.12.2022-ൽ വസ്തു നികുതി നിർണ്ണയിച്ച് 6/70 A എന്ന കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നില | കെട്ടിട നമ്പർ | ഉപയോഗ ഗണം | വിസ്തീർണ്ണം |
|---|---|---|---|
| സെല്ലാർ ഫ്ലോർ & താഴത്തെ നില | 6/64 | വാണിജ്യാവശ്യം | 33.8 |
| | 6/65 | ഓഫീസ് ആവശ്യം | 28 |
| | 6/66 | വാണിജ്യാവശ്യം | 80.25 |
| | 6/67 | വാണിജ്യാവശ്യം | 45.8 |
| | 6/68 | വാണിജ്യാവശ്യം | 45.8 |
| | 6/69 | വാണിജ്യാവശ്യം | 45.8 |
| | 6/70 | വാണിജ്യാവശ്യം | 45.8 |
| ഒന്നാം നില | 6/70 A | ഓഫീസ് ആവശ്യം | 149.1 |
| ആകെ വിസ്തീർണ്ണം | | | 474.35 |

കെട്ടിടത്തിന്റെ സെല്ലാർ ഭാഗം അടച്ചുകെട്ടി മറ്റ് സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളതിനാൽ സെല്ലാർ ഫ്ലോറിന്റെ വിസ്തീർണ്ണം വാണിജ്യാവശ്യങ്ങൾക്കുള്ള വിനിയോഗ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നുണ്ട്. നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം താഴത്തെ നിലയ്ക്ക് 120 ച.മീ വിസ്തീർണ്ണവും സ്റ്റെയർ റൂമിന് 19.1 ച.മീ വിസ്തീർണ്ണവുമാണുള്ളത്. ലഭ്യമാക്കിയ രേഖകൾ

പരിശോധിച്ചതിന്റെയും സൈറ്റ് വെരിഫിക്കേഷൻ നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഓഫീസിന് സമീപം പെർമിറ്റ് എടുക്കാതെ അനധികൃത നിർമ്മാണം - സ്റ്റോപ്പ് മെമ്മോ നൽകിയില്ല

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെ കെട്ടിടം നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ പാടില്ല. പഞ്ചായത്ത് കെട്ടിടത്തോട് തൊട്ടുചേർന്ന് സ്ഥിതി ചെയ്യുന്ന ബാങ്ക് കെട്ടിടത്തിൽ പെർമിറ്റില്ലാതെ ഒന്നാം നിലയും മേൽക്കൂരയും നിർമ്മിച്ചിട്ടും ആയത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ സ്റ്റോപ്പ് മെമ്മോ നൽകുകയോ ചെയ്തിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 91 പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് അദ്ദേഹത്തിന്റെ അധികാര പരിധിയിലുള്ള ഏതൊരു നിർമ്മാണവും ഏത് ഘട്ടത്തിലും പരിശോധിക്കുവാനും ചട്ടലംഘനങ്ങൾ കണ്ടെത്തിയാൽ ഉത്തരവ് പ്രകാരം ആയവ ഉടൻതന്നെ നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വിവിധ നിയന്ത്രണങ്ങളുള്ള വ്യാവസായികം/ വാണിജ്യം എന്നീ ഗണത്തിൽ വരുന്ന കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം ഗൗരവകരമായി കാണേണ്ടതായിരുന്നു. എന്നാൽ ഈ വിഷയത്തിൽ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചില്ല.

2. ടെറസ് ഫ്ലോറിലെ മേൽക്കൂര - അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല

അപേക്ഷകൻ നമ്പറിങ്ങിനായി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ മേൽക്കൂര ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന് ഷീറ്റ് മേൽക്കൂര ഉള്ളതായാണ് കാണുന്നത്. മേ ൽക്കൂര നിർമ്മിതിക്ക് അപേക്ഷ സമർപ്പിക്കുകയോ ക്രമവൽക്കരണ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.






3. വസ്തുനികുതി നിർണ്ണയിച്ചതിലും അപാകത

കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019, ചട്ടം 74(6) പ്രകാരം മൂന്ന് നിലകൾ വരെയുള്ളതും 10 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റെല്ലാ ഒക്യുപ്പൻസിയ്ക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസ്സിലുള്ള അധിക ഷീറ്റ്/ഓട് മേൽക്കൂര നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യകതകളും കണക്കാക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതുമാണ്. ഗ്രില്ലിട്ട് അടവാക്കിയിട്ടുള്ള ഷീറ്റ് മേൽക്കൂരയ്ക്ക് വസ്തുനികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല. മേൽക്കൂരയ്ക്ക് ഉദ്ദേശം 120 ച.മീ. വിസ്തീർണ്ണം ഉള്ളതാണ്. ആയതും കൂടി ചേർക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 594.35 ച.മീറ്ററാണ് (474.35+120). ഗ്രില്ലിട്ട് അടച്ചെടുത്തിരിക്കുന്ന മേൽക്കൂര ഭാഗം ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി ഉപയോഗിക്കുന്നതാണോ അതോ പൊതു ആവശ്യങ്ങൾക്കായാണോ ഉപയോഗിക്കുന്നത് എന്നത് പരിശോധിക്കേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം ഒരു പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായാണ് ടി കെട്ടിട ഭാഗം ഉപയോഗിക്കുന്നതെങ്കിൽ ഉപയോഗക്രമം അനുസരിച്ചുള്ള വസ്തു നികുതി ഈടാക്കാവുന്നതാണ്. മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്

(24/25.10.2023) മറുപടി ലഭ്യമാക്കിയില്ല. ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

2022-23 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2022-23 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി ഐ, കോരുത്തോട് | 1 |
| 2 | കോരുത്തോട് ഫ്യൂവൽസ് | 1,2 |
| 3 | അപ്പലോണിയ ഡെന്റൽ ക്ലിനിക്ക് | 2 |
| 4 | കുഴിമാവ് എക്കോ ഡെവലപ്മെന്റ് സൊസൈറ്റി | 1,2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/25.10.2023) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരളം പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പല ഘട്ടങ്ങളായോ 60 ദിവസമെങ്കിലും ജോലി/തൊഴിൽ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ കോരുത്തോട് ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല .

| ക്രമ നം. | ഉടമ | സ്ഥാപനത്തിന്റെ തരം /പേര് | കെട്ടിട നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പി എസ് സന്തോഷ് പുതുപ്പറമ്പിൽ | ഫർണിച്ചർ വ്യാപാരം | 4/324 | 5 |
| 2 | ദിനേശൻ എം സി | റെയിൻ ഗാർഡ് നിർമ്മാണം | 8/195 | 8 |
| 3 | റഷീദ് പി എ | സാന്ത്വനം മെഡിക്കൽ സെന്റർ | 2/328 | 5 |

| | | | | |
|---|---|---|---|---|
| | | ആൻഡ് ലബോറട്ടറി | | |
| 4 | സജിനി സാബു | എസ് എസ് റയിൻഗാർഡ് | 8/56 A | 8 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 21.10.2023 ൽ നൽകിയ എൻക്വയറി നം.15 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 അധിക നിർമ്മിതി ക്രമവൽക്കരിക്കാതെ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചു

കോരുത്തോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ൽ റീസർവ്വേ നമ്പർ 365/6-2-ലുള്ള 241 ച.മീ. പ്ലോട്ടിൽ 99.26 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.ഉല്ലാസ്.എം.ആർ, ശ്രീമതി.സൗമ്യ സലിൻ മതിയത്ത്, പൂഞ്ഞാർ തെക്കേക്കര എന്നിവർക്ക് 17.06.2022-ൽ A3-BA(201277)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തിയ സാങ്കേതിക വിഭാഗം ഓവർസിയറുടെ 26.11.2022 തീയതിയിലെ റിപ്പോർട്ടിൽ ടി കെട്ടിടത്തിന് ഗ്രൗണ്ട് ഫ്ലോറും സ്റ്റെയർ ക്യാബിനും ഉൾപ്പടെ 107.94 ച.മീ. വിസ്തീർണ്ണമുള്ളതായും കെട്ടിടത്തിൽ ടെറസ് സംരക്ഷണത്തിനായി ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് മേൽക്കൂര നിർമ്മിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുകയും വസ്തു നികുതി നിർണ്ണയിച്ച് 5/142 A എന്ന കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ ഷീറ്റ് മേൽക്കൂരയുടെ ബിൽറ്റപ്പ് ഏരിയ 93.08 ച.മീ. ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടത്തിന്റെ പെർമിറ്റിനായുള്ള അപേക്ഷയോടൊപ്പം (ആപ്ലിക്കേഷൻ നം. A3/1473/2022 തീ: 10.06.2022) സമർപ്പിച്ചിരുന്ന പ്ലാനിൽ മേൽക്കൂരയുടെ വിശദാംശം രേഖപ്പെടുത്താതിരുന്നതിനാൽ മേൽക്കൂരയുടെ നിർമാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിരുന്നില്ല. ആയതിനാൽ കെട്ടിടത്തിന്റെ ഭാഗമായുള്ള മേൽക്കൂരയുടെ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതുണ്ട്. മാത്രമല്ല ടി കെട്ടിടത്തെ, ആകെ വിസ്തീർണ്ണം 150 ച.മീറ്ററിൽ കുറവുള്ള കെട്ടിടം എന്ന രീതിയിൽ പരിഗണിച്ച് പെർമിറ്റ് ഫീസ് നിശ്ചയിച്ചത് 3.50/ച.മീ. എന്ന നിരക്കിലായിരുന്നു. മേൽക്കൂര ഉൾപ്പെടെ കെട്ടിടത്തിന്റെ യഥാർത്ഥ ബിൽറ്റപ്പ് ഏരിയ 201.02 ച.മീ. ആണ്. ആയതിനാൽ 3.50/ച.മീ. എന്ന നിരക്കിൽ ഈടാക്കിയ പെർമിറ്റ് ഫീസ് റിവൈസ് ചെയ്ത് 7/ച.മീ. നിരക്കിൽ ഈടാക്കേണ്ടതുണ്ട്. വിശദാംശം ചുവടെ .

തറനിരപ്പ് നിലയുടെ വിസ്തീർണ്ണം - 99.26 ച.മീ.

സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം - 8.68 ച.മീ.

ആകെ വിസ്തീർണ്ണം = 107.94 ച.മീ.

ഈടാക്കേണ്ട ഫീസ് = 107.94 X 7 = 756/-

ഈടാക്കിയ പെർമിറ്റ് ഫീസ് = 107.94 X 3.50 = 377/-

കുറവായി ഈടാക്കിയത് = 756 - 377 = 379/-

അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണ ഫീസ്

ആകെ ബിൽറ്റപ്പ് ഏരിയ 150 ച.മീറ്ററിന് മുകളിൽ വരുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 9 പ്രകാരം നിലവിലുള്ള കെട്ടിടത്തിൽ ക്രമവൽക്കരണം ഉൾപ്പെടുമ്പോൾ ആകെയുള്ള Built-up Area (Existing+proposed), 150ച.മീറ്ററിനു മുകളിൽ ആണെങ്കിൽ ക്രമവൽക്കരിക്കേണ്ട ഭാഗത്തിന് ആകെയുള്ള ബിൽറ്റപ്പ് ഏരിയയ്ക്ക് ബാധകമായ പെർമിറ്റ് ഫീയുടെ ഇരട്ടി (14/ച.മീ. നിരക്കിൽ) പിഴയായി ഈടാക്കേണ്ടതാണ്.

മേൽക്കൂരയുടെ വിസ്തീർണ്ണം - 93.08 ച.മീ.

ക്രമവൽക്കരണത്തിനായി ഈടാക്കേണ്ട ഫീസ് = 93.08 X 14 = 1303/-

പെർമിറ്റ് ഫീസിനത്തിൽ കൂടുതലായി ഈടാക്കേണ്ട ആകെ തുക = 379 + 1303 = 1682/-

ഫീൽഡ് പരിശോധന നടത്തിയ സാങ്കേതിക വിഭാഗം, ഓവർസിയറുടെ 26.11.2022 തീയതിയിലെ പരിശോധന റിപ്പോർട്ടിൽ ടെറസിൽ ട്രസ്സ് വർക്ക് ചെയ്ത് മേൽക്കൂര നിർമ്മിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടും പെർമിറ്റ് ഫീസ് ഈടാക്കി മേൽ കെട്ടിടത്തിലെ അധിക നിർമ്മിതി ക്രമവൽക്കരിക്കാതെ കെട്ടിടത്തിന് ഒക്കുപ്പൻസി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി (നം.17/21.10.2023) നൽകിയിരുന്നു. ആയതിന് മറുപടിയായി റെഗുലറൈസേഷൻ ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കുറവ് വന്ന തുക ഈടാക്കി തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-16 പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസിൽ നിന്ന് വാടക ഈടാക്കുന്നില്ല

കോരുത്തോട്, ബ്രാഞ്ച് പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്. 2022-23 വാർഷിക ധനകാര്യ പത്രികയിൽ വാടക ഇനത്തിൽ പഞ്ചായത്തിന് വരുമാനം രേഖപ്പെടുത്തിയിട്ടില്ല. പോസ്റ്റ് ഓഫീസിന് വാടക രഹിതമായി നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടെങ്കിൽ ആയതും അനുബന്ധ ഫയലുകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് എൻക്വയറി (നം.08/20.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഓഫീസിൽനിന്ന് വാടക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം

2022-23 ലെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതാഹെഡ്ഡിൽ 1,74,234.40/- രൂപ ലൈബ്രറി കൗൺസിലിന് അടയ്ക്കുവാൻ അവശേഷിക്കുന്നു. ലെഡ്ജർ പ്രകാരം 2020-21 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയാണ് അടവാക്കുവാൻ ബാക്കിയുണ്ടായിരുന്നത് . ഇത് സംബന്ധിച്ച് 05/20.10.23 നമ്പർ എൻക്വയറി നല്കിയതിനെത്തുടർന്ന് തുക അടവാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30-നകവും, രണ്ടാമത്തെ ഗഡു നവംബർ 30-നകവും അടയ്ക്കേണ്ടതാണ്. ലൈബ്രറി സെസ്സ് യഥാസമയം അടവാക്കിയില്ലെങ്കിൽ പ്രതിമാസം 2% നിരക്കിൽ പിഴപ്പലിശ നൽകേണ്ടതുണ്ട്. യഥാസമയം ലൈബ്രറി സെസ്സ് അടവാക്കാത്ത പക്ഷം നൽകേണ്ടി വരുന്ന പിഴപ്പലിശ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ആയതിന്റെ പിഴപ്പലിശ നൽകേണ്ടത് സെക്രട്ടറിയുടെ പക്കൽ നിന്ന് ഈടാക്കുന്നതുമാണ് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.09.2005 തീയതിയിലെ 10088/എൽ3/05 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിൽ അടവാക്കുന്നതിന് കാലതാമസം ഉണ്ടാവാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

1-18 ഇ-ടെണ്ടർ ഫീസ് 11266 രൂപ കുടിശിക

2017-18 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീസിന്റെ

വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് 2017-18 മുതൽ 2021-22 വരെ ലഭിക്കാനുള്ള 115280/- രൂപയിൽ 104014/- രൂപ ലഭിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള കുടിശിക തുക 11266/- രൂപ ലഭ്യമാക്കുന്നതിനൊപ്പം അതാത് സാമ്പത്തിക വർഷം വിശദാംശങ്ങൾ ലഭ്യമാക്കി ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പട്ടികവർഗസങ്കേതത്തിൽ സാംസ്കാരികനിലയം നിർമ്മിക്കുന്നതിന് ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചില്ല.

മാങ്ങാപ്പേട്ട പട്ടികവർഗസങ്കേതത്തിൽ പട്ടികവർഗക്കാരുടെ പൊതു ആവശ്യത്തിലേയ്ക്കായി ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് 1650000/-രൂപ അനുവദിച്ച് C2178/14(2)/20.1.2015 നമ്പരായി കാഞ്ഞിരപ്പള്ളി ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർ ഉത്തരവായിരുന്നു. പ്രസ്തുത തുകയിൽ 14 ലക്ഷം രൂപ കൈമാറിയത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ 24.2.2015ൽ വരവുവെച്ചിട്ടുണ്ട്. ടി ആവശ്യത്തിലേയ്ക്കായി ശ്രീ.മോഹനൻ.കെ.എം, കൊച്ചുപറമ്പിൽ, മാങ്ങാപ്പേട്ട എന്നയാൾ 19.1.2015ൽ കോരുത്തോട് വില്ലേജിൽ 385/1 സർവേ നമ്പരിൽ 6 സെന്റ് സ്ഥലം വിട്ടുനൽകുന്നതിന് ലാൻഡ് റെലിങ്ക്യുഷ്മെന്റ് ഫോം എയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ റെലിങ്ക്യുഷ് ചെയ്ത വസ്തു അളന്നു പ്ലാൻ നൽകണമെന്ന് 30.12.2015ൽ A2-41/15നമ്പർ കത്തുപ്രകാരം വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ പരിശോധിക്കുകയും ടി ഭൂമി കോരുത്തോട് വില്ലേജിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സംശയം പ്രകടിപ്പിക്കുകയും ചെയ്തു. തുടർന്ന് 25.1.2016ൽ ഭൂമി അളന്ന് പ്ലാൻ നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തഹസീൽദാർക്ക് കത്തുനൽകി. നിർദ്ദിഷ്ടസ്ഥലത്ത് കെട്ടിടം പണിയുന്നതിന് സാധ്യമല്ലാത്തതിനാൽ ഊരുകൂട്ടം വിളിച്ചുചേർക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും 01.06.2016ൽ A2-428/16നമ്പർ കത്തുപ്രകാരം ഗ്രാമപഞ്ചായത്ത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് കത്തുനൽകിയിട്ടുണ്ട്.

അഖില തിരുവിതാംകൂർ മല അരയ മഹാസഭയുടെ കൈവശമുള്ളതും സ്ഥിരദേഹണ്ഡങ്ങളോടുകൂടിയതുമായ 6 സെന്റ് സ്ഥലം (എരുമേലി വടക്ക് വില്ലേജ് ബ്ലോക്ക് 30 പഴയ സർവേ നമ്പർ 385/1 നിരോധനകരം 19.3.1998ൽ ഒടുക്കിയത്) ടി ആവശ്യത്തിലേയ്ക്കായി സൗജന്യമായി വിട്ടുനൽകുന്നതാണെന്ന് 19.7.2016ൽ അഖില തിരുവിതാംകൂർ മല അരയ മഹാസഭയുടെ പ്രസിഡന്റും സെക്രട്ടറിയും ഗ്രാമപഞ്ചായത്തിനെ അറിയിച്ചു.

ശ്രീ.മോഹനൻ സറണ്ടർ ചെയ്ത സ്ഥലം നിർമ്മാണയോഗ്യമല്ലാത്തതിന്റെ കാരണവും അഖില തിരുവിതാംകൂർ മല അരയ മഹാസഭയുടെ സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമാണോയെന്നും മഹാസഭയുടെ സ്ഥലം സങ്കേതത്തിൽനിന്ന് എത്ര അകലത്തിലാണെന്നും സ്ഥലം വിട്ടുനൽകുന്നതിന്റെ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ആരാഞ്ഞ് 21.7.2016ൽ 821/16-17/YSP/DPO/KTM നമ്പരായി ജില്ലാ പ്ലാനിംഗ് ഓഫീസർ ഗ്രാമപഞ്ചായത്തിന് കത്തയച്ചിരുന്നു. എന്നാൽ മറുപടി നൽകിയതായി കാണുന്നില്ല. മഹാസഭയുടെ സ്ഥലത്തിന് പട്ടയമില്ലാത്തതിനാൽ കെട്ടിടനിർമ്മാണം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോ എന്ന് കേരള സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് ഭരണസമിതി (3(2)/29.8.2016) തീരുമാനിച്ചുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

കോർപ്പസ് ഫണ്ടായി അനുവദിച്ച തുക യഥാസമയം വിനിയോഗിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സാമ്പത്തിക ചട്ടങ്ങളുടെ ലംഘനവും പട്ടികവർഗ വികസനം എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതുമായ നടപടി ആയതിനാൽ അനുവദിച്ച തുക പലിശസഹിതം തിരിച്ചടയ്ക്കുന്നതിന് പ്രോജക്ട് ഓഫീസർ 4.10.2016 ലെ C-2178/14നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പിന്നീട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് 14-15വർഷം അംഗീകാരം നൽകിയ എസ്റ്റിമേറ്റ് പ്രകാരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പുതിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയ സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിച്ച് 30.12.2016 നുള്ളിൽ പൂർത്തീകരിച്ച്

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് 26.10.2016ലെ C-2178/14 നമ്പർ കത്ത് പ്രകാരം പ്രോജക്റ്റ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

അഖില തിരുവിതാംകൂർ മല അരയ മഹാസഭ 13.12.2016ൽ ബ്ലോക്ക്- 30, റീസർവേ നമ്പർ 139ൽ പെട്ട സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടെന്നും 2017-18ൽ സ്പിൽ ഓവറായി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി A2-1418/17/19.5.2017 നമ്പർ കത്തുപ്രകാരം പ്രോജക്റ്റ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭിച്ചിട്ടില്ല. നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ തുക പലിശ സഹിതം 2225-02-911-99-ROPഎന്ന ശീർഷകത്തിൽ തിരിച്ചടയ്ക്കുന്നതിന് പ്രോജക്റ്റ് ഓഫീസർ C-2178/14/23.11.2019 നമ്പരായി കത്തുനല്കിയെങ്കിലും തുക തിരികെ ഒടുക്കിയിട്ടില്ല.

കോരുത്തോട് വില്ലേജിൽ ബ്ലോക്ക് 30, റീസർവേ 139ൽ 225ഹെക്ടർ വസ്തുക്കൾ ബി.ടി.ആർ പ്രകാരം റിസർവ് വനം എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി 74/22/7.3.2022നമ്പർ കത്തുപ്രകാരം വില്ലേജ് ഓഫീസർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. റിസർവ് വനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിൽനിന്ന് അനുമതി തേടിയതായി കാണുന്നില്ല.

മേൽ സാഹചര്യത്തിൽ സാസ്കാരികനിലയത്തിന് സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച് സർക്കാരിലേയ്ക്ക് കത്തയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സാംസ്കാരികനിലയത്തിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കുന്ന റിപ്പോർട്ടും ലഭ്യമാക്കുന്നതിന് 6/20.10.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ഹാജരാക്കിയില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനായി സർക്കാർ അനുവദിച്ച തുക സമയബന്ധിതമായും ഫലപ്രദമായും ചെലവഴിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പരാജയപ്പെട്ടതായി ഓഡിറ്റിൽ വിലയിരുത്തുന്നു. 2015ൽ ലഭിച്ച തുക ബാങ്ക് അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ച് സർക്കാരിലേയ്ക്ക് നിലവിൽ തിരികെ ഒടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതായിരുന്നു. പട്ടിക വർഗ്ഗത്തിലെ ജനങ്ങൾക്ക് വേണ്ടി ലഭിച്ച ടി തുക ഫലപ്രദമായി സ്വീകരിക്കുന്നതിലേയ്ക്കായി സർക്കാരിനെ സമീപിച്ച് നിർദ്ദേശങ്ങൾ തേടുന്നതിന് ഭരണ സമിതി ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 1376000രൂപ തിരികെ നൽകിയത്- തുടർനടപടികൾ സ്വീകരിച്ചില്ല.

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പ്രോജക്ടുകൾക്കായി മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ച 1376000രൂപ (ചെക്ക് നമ്പർ 506530/21.5.2022) തൻവർഷം വാട്ടർ അതോറിറ്റി തിരികെ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക ഒടുക്കിയ തീയതി | ഒടുക്കിയ തുക | കുറിപ്പുകൾ |
|---|---|---|---|
| 195/19കോരുത്തോട് -കോസടി ജലവിതരണപദ്ധതി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1.3.2019 | 74840 | പലതവണ ടെൻഡർ ക്ഷണിച്ചിട്ടും കരാറുകാർ പങ്കെടുത്തില്ലെന്നും ജി.എസ്.ടി നിരക്ക് 12%ൽ നിന്ന് 18%ആയി വർദ്ധിപ്പിച്ചതിനാൽ ടി തുകയ്ക്ക് പ്രവൃത്തി നടപ്പിലാക്കാൻ സാധ്യമല്ലെന്നും ജലജീവൻ പദ്ധതിയിൽ ഈ പ്രദേശം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി അറിയിച്ചു. |
| | 20.3.19 | 346160 | |

| | | | |
|---|---|---|---|
| 154/18 ജലവിതരണപദ്ധതി മൈലേറ്റുപടി-കോരുത്തോട് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് -6 | 15.5.20 | 400000 | ജി.എസ്.ടി നിരക്ക് 12%ൽ നിന്ന് 18%ആയി വർദ്ധിപ്പിച്ചതിനാൽ ടി തുകയ്ക്ക് പ്രവൃത്തി നടപ്പിലാക്കാൻ സാധ്യമല്ലെന്നും ജലജീവൻ പദ്ധതിയിൽ ഈ പ്രദേശം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി അറിയിച്ചു. പുതുക്കിയ നിരക്ക് 480000രൂപ ആകും |
| 241/21 ജലവിതരണപദ്ധതി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ്-7 | 29.3.21 | 555000 | ജി.എസ്.ടി നിരക്ക് 12%ൽ നിന്ന് 18%ആയി വർദ്ധിപ്പിച്ചതിനാൽ ടി തുകയ്ക്ക് പ്രവൃത്തി നടപ്പിലാക്കാൻ സാധ്യമല്ലെന്നും പുതുക്കിയ നിരക്ക് 660000/-രൂപയാകുമെന്നും വാട്ടർ അതോറിറ്റി അറിയിച്ചു. |
| ആകെ | | 1376000 | |

വിവിധ കാരണങ്ങളാൽ വാട്ടർ അതോറിറ്റി പ്രോജക്ട് സമയബന്ധിതമായി നിർവഹണം നടത്താതെ തുക തിരികെ നൽകിയതിനെ തുടർന്ന് വാട്ടർ അതോറിറ്റിയ്ക്കെതിരെ ഗ്രാമപഞ്ചായത്ത് നാളിതുവരെ നിയമനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ പ്രോജക്ടുകളുടെ നിർവഹണത്തിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുമായി ഗ്രാമപഞ്ചായത്ത് യഥാസമയം കരാറിൽ ഏർപ്പെടാതിരുന്നതിനാലാണ് നിയമനടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാത്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതിന് 20/21.10.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തിരികെ ലഭിച്ച തുക ഉൾപ്പെടെ വിശദാംശം പരിശോധിച്ച് സർക്കാർ ഗ്രാന്റുകൾ ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-21 ഫൈൻ തുക കണക്കാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയതാണ് കുഴിമാവ് കളപ്പുരക്കൽ റോഡ് നവീകരണം എന്ന 53/23 നമ്പർ പ്രോജക്ട് . വികസനഫണ്ടിൽ നിന്നും 4.25 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് 253675/- രൂപ (21-22 ൽ 230663 രൂപയും 22-23 ൽ 23012/-രൂപയും) ചെലവഴിച്ചിട്ടുണ്ട്. 07-10-21 ൽ കരാറുകാരനായ ജോൺസൺ ഫിലിപ്പ് സൈറ്റ് ഏറ്റെടുത്തെങ്കിലും പ്രവൃത്തി നിശ്ചിത സമയപരിധിയായ 06-1-22 ൽ പൂർത്തീകരിക്കുന്നതിന് പകരം 17-3-2023 ലാണ് പൂർത്തീയാക്കിയിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഇനത്തിൽ (ഫൈനൽ ബിൽ തുകയുടെ 3%) 616 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. പൊതുമരാമത്ത് മാന്വൽ, കരാർ വ്യവസ്ഥ എന്നിവ പ്രകാരം അംഗീകൃത പി എ സി യുടെ അടിസ്ഥാനത്തിലാണ് ഫൈൻ ഈടാക്കേണ്ടത്. തെറ്റായി കണക്കാക്കിയതു മൂലം ഫൈൻ തുകയിലുണ്ടായ കുറവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഈടാക്കേണ്ടിയിരുന്നത്, പി എ സി ആയ 379207/-രൂപയുടെ 3% | 11376.00 |
| ഈടാക്കിയത്, ഫൈനൽ ബിൽ തുകയായ 20546/-രൂപയുടെ 3% | 616.00 |
| കുറവ് വന്ന തുക | 10760.00 |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം. 2/15.10.23) മറുപടിയായി കുറവ് തുക ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചു. കുറവ് വന്ന 10760/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 ടേക്ക് എ ബ്രേക്ക് നിർമ്മാണം - 24.76 ലക്ഷം രൂപ മുടക്കിയ പ്രോജക്ട് ഉപേക്ഷിച്ച നിലയിൽ

മുണ്ടക്കയം കോരുത്തോട് റോഡിനോട് ചേർന്ന് കോസടി എന്ന സ്ഥലത്ത് 2021 ൽ ആരംഭിച്ചതാണ് ടേക്ക് എ ബ്രേക്ക് നിർമ്മാണം. ഈ ആവശ്യത്തിന് നാളിതു വരെ ചെലവഴിച്ച (ശുചിത്വമിഷൻ ഫണ്ട്) തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|
| 2021-22 | ടേക്ക് എ ബ്രേക്ക് നിർമ്മാണം | 1500000 | 289612 |
| | പൂർത്തീകരണം | 1500000 | 00 |
| 2022-23 | ടേക്ക് എ ബ്രേക്ക് നിർമ്മാണം 49/22-23 | 1210388 | 1207690 |
| | പൂർത്തീകരണം 59/22-23 | 1500000 | 979563 |
| | ആകെ | | 2476865 |



24.76 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടത്തിന്റെ സ്ടക്ചർ നിർമ്മാണം മാത്രമാണ് ഇതിനോടകം പൂർത്തിയായത്. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി വകയിരുത്തിയ 30 ലക്ഷം രൂപയിൽ 523135/- രൂപ അവശേഷിക്കെ നടപ്പ് വർഷം പ്രോജക്ടിന് തുക വകയിരുത്താതെ ഉപേക്ഷിച്ച നിലയിലാണ്. ഭരണസമിതി വിഷയം പരിഗണിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയും നടത്തിപ്പിനുള്ള സംവിധാനം ഒരുക്കിയും ചെലവഴിച്ച തുക പാഴാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-23 പൊളിച്ച് നീക്കിയ സാധനങ്ങളുടെ സർവ്വേറിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചില്ല

73/2023 നമ്പർ പ്രോജക്ട് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 431240/- രൂപ ചെലവഴിച്ച് കുഴിമാവ് എൽ പി സ്കൂളിന്റെ ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റി ജി ഐ ഷീറ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ ഹെഡ്മിസ്ട്രസിന്റെ കത്ത് പ്രകാരം 8 അടി നീളമുള്ള 30 ആസ്ബസ്റ്റോസ് ഷീറ്റും, 6 അടി നീളമുള്ള 110 ആസ്ബസ്റ്റോസ് ഷീറ്റും 20 കമത്ത് ഷീറ്റും കരാറുകാരനായ വേണുക്കുട്ടൻ പ്ലാന്തോട്ടത്തിലിനെ ഏൽപ്പിച്ചതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി പൊളിച്ച് മാറ്റിയ സാധനങ്ങൾ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/19.10.23) മറുപടി നല്കിയില്ല. പൊളിച്ച് നീക്കിയ സാധനങ്ങളുടെ മൂല്യം അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിക്കേണ്ടതും സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതുമാണ്

1-24 കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷങ്ങൾ പൂർത്തീകരിക്കാതെ ഭവന പുനരുദ്ധാരണത്തിന് സബ്സിഡി അനുവദിച്ചു.

എ) വി.ഇ.ഒ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്കൽ പട്ടികജാതി വിഭാഗം (നമ്പർ 37/23) ജനറൽ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ട് എസ്.സി.പി ഫണ്ടിൽ നിന്നും 1182500/-രൂപയും, തനത് ഫണ്ടിൽ നിന്നും 17500/-രൂപയും ഉൾപ്പടെ ആകെ 1200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 75000/- രൂപ സബ്സിഡി കൈപ്പറ്റിയ സന്തോഷ് വലിയകുന്നേൽ എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള 1X/193A നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള രേഖകൾ പ്രകാരം 2017 ഒന്നാം അർദ്ധവർഷം മാത്രമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

ബി) വി.ഇ.ഒ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം പൂർത്തീകരണം (നമ്പർ 143/23) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 435000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം 50000/-സബ്സിഡി കൈപ്പറ്റിയ ജയിംസ് ജോസഫ് കോയിക്കൽ എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള X11/188B നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള രേഖകൾ പ്രകാരം 2020 ഒന്നാം അർദ്ധവർഷം മാത്രമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷങ്ങൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ഭവന പുനരുദ്ധാരണത്തിന് സബ്സിഡി അനുവദിക്കാവൂ. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/21.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ യഥാസമയം ഗുണഭോക്താവ് കെട്ടിട നമ്പർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാതിരുന്നതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല എന്നാണ് അറിയിച്ചത്. ഇത് ശരിയാണ് എങ്കിൽ ഗുണഭോക്താവ് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകി സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വേണമായിരുന്നു ആനുകൂല്യം അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരമല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം വിലയിരുത്തൽ നടത്തി നടപടി സ്വീകരിക്കുന്നത് ക്രമപ്രകാരമല്ല. ഇപ്രകാരമുള്ള അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-25 പട്ടികവർഗകോളനിയിൽ റോഡുകൾ കോൺക്രീറ്റുചെയ്യുന്നതിന് കോർപ്പസ് ഫണ്ട് അനുവദിച്ചത് - പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ മടുക്ക ടി.ആർ.ഡി.എം കോളനിയിൽ റോഡുകൾ കോൺക്രീറ്റുചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുപ്രകാരം ആകെ 2637400/-രൂപ പട്ടികവർഗ വികസനവകുപ്പ് ഡയറക്ടർ (3.7.2022ലെ A1-7146/22(1), (2), (3) നമ്പർ ഉത്തരവുകൾ) അനുവദിച്ച് ഉത്തരവായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | അനുവദിച്ച തുക |
|---|---|
| മടുക്ക കോളനിയിലെ വാട്ടർടാങ്ക് റോഡ് | 944200 |
| ടി.ആർ.ഡി.എം കോളനി റോഡ് | 1047400 |
| പന്തുകളം റോഡ് | 645800 |
| ആകെ | 2637400/-രൂപ |

ടി പദ്ധതി നടത്തിപ്പിനായി കാഞ്ഞിരപ്പള്ളി ഐ.ടി.ഡി.പി.പ്രോജക്ട് ഓഫീസർ മുമ്പാകെ കരാറിൽ ഏർപ്പെടുന്നതിന് 8.8.2022ലെ E-905/22നമ്പർ ഉത്തരവിൽ പ്രോജക്ട് ഓഫീസർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 17.11.2022ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പട്ടികവർഗ പ്രൊമോട്ടർ, തെരെഞ്ഞെടുക്കപ്പെട്ട ഊരുകൂട്ട ഗുണഭോക്തൃസമിതി അംഗങ്ങൾ, ബന്ധപ്പെട്ട വാർഡ് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട സമിതി പ്രവൃത്തി മോണിട്ടർ ചെയ്യേണ്ടതും 31.3.2023നകം പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുടെ E-905/22

/16.12.2022 നമ്പർ ഉത്തരവുപ്രകാരം 2637400/-രൂപയുടെ 20% എന്ന പരിധിയ്ക്ക് വിധേയമായി 527480/-രൂപ അനുവദിച്ചത് 4.1.2023ൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റുചെയ്തിട്ടുണ്ട്. പട്ടികവർഗവികസനവകുപ്പിൽനിന്ന് അനുവദിച്ച 2637400/-രൂപയുടെ വിനിയോഗവിവരങ്ങൾ, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്നിവ ഹാജരാക്കുന്നതിന് 21/21.10.2023നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. നിലവിൽ പന്തുകളം റോഡ് മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്ന് സാങ്കേതികവിഭാഗം ഓവർസിയർ അറിയിച്ചിട്ടുണ്ട്. പട്ടികവർഗവികസനവകുപ്പിൽനിന്ന് വിവിധ ഘട്ടങ്ങളായി മാത്രമാണ് തുക അനുവദിക്കുന്നത് എന്നതിനാൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നില്ലെന്ന് എക്സിറ്റ് മീറ്റിംഗിൽ വൈസ് പ്രസിഡന്റ് അറിയിച്ചു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾസഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

എ) വി.ഇ.ഒ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ( നമ്പർ 161/23) എന്ന പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട് എസ്.സി പി യിൽ നിന്നും 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം ആകെ മൂന്ന് വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയത്. അഡ്വാൻസ് കൈപ്പറ്റിയ വിദ്യാർത്ഥി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| 1 | ബിയാമോൾ ബിജു, ചെമ്പകശ്ശേരിൽ | 50000/- | 67/16.03.23 |

ബി) വി.ഇ.ഒ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (നമ്പർ 66/23 S.O) എന്ന പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട് എസ്.സി പി യിൽ നിന്നും 365000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം അഡ്വാൻസ് (50000/ BillNo- 49/28.01.23) കൈപ്പറ്റിയ ആദിത്യ രാജേഷ്, ചാലുങ്കൽ എന്നവിദ്യാർത്ഥികൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ടുകൾ പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ വിദ്യാർത്ഥികൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/21.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഭരണസമിതി ഈ വിഷയത്തിൽ ഇടപെട്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കുന്നതുവരെ മുൻകൂർ നൽകിയ 100000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ഭവനപുനരുദ്ധാരണ പ്രോജക്റ്റ് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ, നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ് സി പി) എന്ന പ്രോജക്റ്റ് (നമ്പർ 162/23) പ്രകാരം വികസന ഫണ്ട് എസ് സി പി വിഭാഗത്തിൽ നിന്നും 1525000/ രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 150000/രൂപ നൽകുവാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത്. അഡ്വാൻസ് കൈപ്പറ്റിയ ഏഴ് ഗുണഭോക്താക്കൾ തൻവർഷം ഭവനപുനരുദ്ധാരണം പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നമ്പർ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ലാലു.വി.ജി, വളയത്ത്, മേമുറി | 75000/- രൂപ | 39/31.12.2022 |
| 2 | പെണ്ണമ്മ, കളരിക്കൽ | 75000/- രൂപ | 17/23.3.23 |
| 3 | പൊന്നമ്മ കുഞ്ഞുമോൻ, പൂവഞ്ചിയിൽ | 75000/- രൂപ | 47/28.1.23 |
| 4 | പ്രകാശ്.പി.ഡി, പടിഞ്ഞാറേമുറിയിൽ | 75000/- രൂപ | 60/16.03.23 |
| 5 | ഉണ്ണി.വി.എസ്, വെട്ടുകല്ലാംകുഴിയിൽ | 75000/- രൂപ<br>25000/ രൂപ | 45/13.01.23<br>70/28.3.23 |
| 6 | രജനിമോൾ.സി.ആർ, കളത്തിൽ | 75000/- രൂപ | 77/28.3.23 |
| 7 | തങ്കച്ചൻകുഞ്ഞൂഞ്ഞ്, കണിയാംപറമ്പിൽ | 75000/- രൂപ | 77/28.3.23 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/21.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 6 രജനിമോൾ.സി.ആർ, കളത്തിൽ, ക്രമ നമ്പർ 7 തങ്കച്ചൻ കുഞ്ഞൂഞ്ഞ്, കണിയാംപറമ്പിൽ എന്നിവർ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റി എന്നും അറിയിച്ചിട്ടുണ്ട്. മറ്റ് ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

B) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷങ്ങൾ പൂർത്തീകരിക്കാതെ ആനുകൂല്യം അനുവദിച്ചു.

എ) പ്രോജക്ട് പ്രകാരം സബ്സിഡി (75000/- രൂപ ബിൽ നമ്പർ 60/16.03.23) അനുവദിച്ച പ്രകാശ്.പി.ഡി, പടിഞ്ഞാറേമുറിയിൽ എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള V11/ 200A നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള രേഖകൾ പ്രകാരം 2018 രണ്ടാം അർദ്ധവർഷം മാത്രമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

ബി) പ്രോജക്ട് പ്രകാരം സബ്സിഡി (75000/- രൂപ ബിൽ നമ്പർ 77/28.3.23 അനുവദിച്ച രജനിമോൾ സി.ആർ. കളത്തിൽ എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള X/356A നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള രേഖകൾ പ്രകാരം 2020 രണ്ടാം അർദ്ധവർഷം മാത്രമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷങ്ങൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ഭവന പുനരുദ്ധാരണത്തിന് സബ്സിഡി അനുവദിക്കാവൂ. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/21.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ വിഷയത്തിന് വിശദീകരണം ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ദീർഘ കാലമായി ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളായ മൂന്ന് ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | അനുവദിച്ച തുക | തുക അനുവദിച്ച തീയതി |
|---|---|---|---|
| 1 | ഫസീല ഷെഫീക്, | 40000/ രൂപ | 16.07.2018 |

| | | | |
|---|---|---|---|
| | പുതുപ്പറമ്പിൽ, പനക്കച്ചിറ | 160000/ രൂപ<br>60000/ രൂപ<br>ആകെ<br>260000/രൂപ | 10. 01.2019<br>02.07.2019 |
| 2 | ലീലാമ്മ, താവളത്തുപറമ്പിൽ, പനക്കച്ചിറ | 39480/രൂപ | 11.03..2020 |
| 3 | തങ്കമ്മ, മൂന്നാം പറമ്പിൽ, പനക്കച്ചിറ | 40000/ രൂപ<br>160000/ രൂപ | 13.07. 2018<br>10.01.2019 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/21.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിലും ഭവനനിർമ്മാണം പുനരാരംഭിച്ചിട്ടില്ലാ എന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഭരണസമിതിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ചതിൽ തങ്കമ്മ, മൂന്നാം പറമ്പിൽ, പനക്കച്ചിറ എന്നയാൾക്ക് 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി (എരുമേലി സബ് രജിസ്ട്രാർ ഓഫീസിലെ 05.03.2014ലെ 519 നമ്പർ ആധാരം) വാങ്ങി നൽകിയ ഭൂമിയാണ്. ആയതിനാൽതന്നെ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-29 മുൻ വർഷം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് തൻവർഷവും ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നടപ്പിലാക്കിയ പട്ടികജാതിക്കാർക്ക് ഭവന പുനരുദ്ധാരണം എന്ന പ്രോജക്ട് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നാളിതു വരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രേജക്ട് നമ്പർ | 68/22 |
| അടങ്കൽ | 315000 |
| ചെലവ് | 187500 |

മേൽ പ്രോജക്ട് പ്രകാരം രവി സി.കെ എന്ന ഗുണഭോക്താവ് ബിൽ നമ്പർ 46/21-22/28.02.22 പ്രകാരം 75000 രൂപ 2021-22 വർഷം മുൻകൂർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവ് തൻവർഷവും ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. മേൽ വിഷയത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 10/21.10.23) ന് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഭരണസമിതി ടി വിഷയത്തിൽ ഇടപെട്ട് ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി വികസന ഫണ്ട് ചെലവഴിച്ചത് ക്രമവിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം. | SO 112/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ |
| വകയിരുത്തിയ തുക | 50000 (വികസനഫണ്ട്-30000,<br>തനത് ഫണ്ട്-20000) |

| | |
|---|---|
| ചെലവഴിച്ച തുക | 1. 30000 (വികസനഫണ്ട്)<br>ബിൽ നം.408/28.03.2023<br>2. 20000 (തനത് ഫണ്ട്)<br>ACR ബിൽ നം.144/26.11.2022 |

സ്റ്റുഡന്റ് പോലീസ് കേഡറ്റിന് പദ്ധതിയുടെ പ്രവർത്തനത്തിന് ധനസഹായം അനുവദിക്കുന്നതിന് 50000രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 30000രൂപ പിൻവലിച്ച് കോരുത്തോട്, സി കേശവൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകിയിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി തനത്ഫണ്ടിൽ നിന്നും ഒരു വർഷം ആകെ 50000രൂപയിൽ കവിയാത്ത തുക കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവാക്കുന്നതിനാണ് 02.01.2012-ലെ സ.ഉ.(സാധാ.)നം.03/2012/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി തനത് ഫണ്ടിന് പകരം വികസന ഫണ്ടിൽ നിന്നും 30,000/- രൂപ ചെലവഴിച്ചിട്ടുണ്ട് . വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/20.10.2023) മറുപടിയായി തനത് ഫണ്ടിൽ തുക ഇല്ലായിരുന്നതിനാലാണ് വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തിയത് എന്നാണ് അറിയിച്ചത്. വികസനഫണ്ടിൽ നിന്നും സർക്കാരിന്റെ പ്രത്യേക അനുമതിയില്ലാതെ പിൻവലിച്ച തുക തനത് ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.44 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് ടി പദ്ധതി ആവിഷ്കരിക്കുന്നതിന് നിർദ്ദേശ അനുമതി നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വിനിയോഗ പൂർത്തികരണ വിവരങ്ങൾ ലഭ്യമല്ല

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലിൽ പ്രോജക്ടിന്റെ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ഒടുക്കിയ തുക | ബിൽ നമ്പർ തീയതി | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 215/23വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കൽ | 805790/- രൂപ (ധന. ഗ്രാന്റ്) | XVFC/ 22-23/p /29/22.3.23 /610000<br>XVFC/ 22-23/p /23/14.03.22 /190000<br>XVFC/ 22-23/p /20/13.02.23/ 5790 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |

| | | | | |
|---|---|---|---|---|
| 2 | 219/23 ശബരിമല തീർത്ഥാടന പാതയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 599432/- രൂപ ശബരിമല സ്പെഷ്യൽ ഫണ്ട് | 166/ 12.12.22 | ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കയം |
| 3 | 115/23 എസ്.എസ്.എ വിഹിതം റ്റി.എസ്.പി | 167000/-രൂപ റ്റി.എസ്.പി | 38/4.11.22 | എസ്.എസ്.എ കോട്ടയം |
| 4 | 114/23 എസ്.എസ്.എ വിഹിതം എസ്. സി.പി | 150000/- രൂപ എസ്. സി.പി | 37/21.11.22 | എസ്.എസ്.എ കോട്ടയം |
| 5 | 113/23 എസ്.എസ്.എ വിഹിതം ജനറൽ | 100000/- രൂപ വികസനഫണ്ട് | 36/18.11.22 | എസ്.എസ്.എ കോട്ടയം |
| 6 | 125/23പി.എം.എ.വൈ വിഹിതം എസ്. സി.പി | 68000/- രൂപ എസ്. സി.പി | 249/10.2.23 | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| 7 | 126/23പി.എം.എ.വൈ വിഹിതം റ്റി.എസ്.പി | 75000/ രൂപ വികസനഫണ്ട് 285000/- റ്റി.എസ്.പി | 399/28.3.23 320/15.03.23 400/28.03.23 | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| 8 | 172/23 കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക നൽകൽ | 200000/-രൂപ മെയിന്റനൻസ് റോഡ് | 51/ 23.1.23 | NRHMകോട്ടയം |
| | ആകെ | 2450222/-രൂപ | | |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടുണ്ട് എങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/26.10.23 ന് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 2450222/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 ആസ്തിരജിസ്റ്റർ കാലികമാക്കലും ഡിജിറ്റലൈസ് ചെയ്യലും പ്രോജക്ട് ഫലപ്രദമായില്ല

ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി 465000/-രൂപ (വികസന ഫണ്ട് 87650/-, റോഡ് മെയിന്റനൻസ് ഗ്രാന്റ് 327350/-റോഡിതര മെയിന്റനൻസ് ഗ്രാന്റ് 50000/-), വകയിരുത്തി 236/23 നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രോജക്ടിന്റെ നിർവ്വഹണം സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്മെന്റിനാണ് നല്കിയത്. 4 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും78814/-(ബിൽ നം തീ 380/27-3-2023)രൂപ മുൻകൂറായി കൈപ്പറ്റിയ ഏജൻസി 3 വാർഡുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്ന മുറക്ക് 20% തുക നല്കുമെന്നായിരുന്നു വ്യവസ്ഥ. 23-2-2023ൽ കരാർ വച്ച ഏജൻസി കരാർ വ്യവസ്ഥ പ്രകാരം 22-7-2023നകം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക കൈപ്പറ്റേണ്ടതായിരുന്നു. എന്നാൽ നാളിതു വരെ ആദ്യ 3 വാർഡുകളുടെ ആസ്തി രജിസ്റ്റർ പോലും പൂർത്തീകരിച്ചിട്ടില്ല.അപാകതയിൽ വിശദീകരണം നല്കുന്നതോടൊപ്പം പ്രോജക്ട് നടത്തിപ്പിനുണ്ടാകാവുന്ന ചെലവ് കണക്കാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഭരണസമിതി

വിഷയം പരിഗണിക്കേണ്ടതും ചെലവഴിച്ച തുക ഫലപ്രദമായി എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

## 1-33 വനിതാവ്യവസായ വിപണന പരിശീലനകേന്ദ്രം നിർജീവാവസ്ഥയിൽ

പഞ്ചായത്ത് പരിധിയിലുള്ള കോസടി ഭാഗത്ത് 2017-18 വർഷം 688546 രൂപ (വികസനഫണ്ട്+ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവിൽ നിർമ്മിച്ച വനിതാവ്യവസായ വിപണന പരിശീലനകേന്ദ്രം നിലവിൽ നിർജീവാവസ്ഥയിലാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രസ്തുത കെട്ടിടത്തിൽ തയ്യൽ യൂണിറ്റ് ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തിയിരുന്നില്ല കുടുംബശ്രീ ഭാരവാഹികൾ അറിയിച്ചതനുസരിച്ച് തയ്യൽ യൂണിറ്റിനായി 4 ലക്ഷം രൂപ ചെലവഴിച്ച് പവർ മെഷീനുകൾ, അലമാര, കട്ടിംഗ് ടേബിൾ എന്നിവ വാങ്ങുകയും യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇലക്ട്രിഫിക്കേഷൻ നടത്താതിരുന്നതിനാൽ വാങ്ങിയ പവർ മെഷീനുകൾ ഏകദേശം 5 വർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല. കാലക്രമേണ പ്രവർത്തനം നിലച്ച യൂണിറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ച സബ്സിഡി രണ്ട് ലക്ഷം രൂപ ഉൾപ്പെടെ ബാങ്ക് ലോൺ വീട്ടുന്നതിന് ചെലവഴിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും കൃത്യമായ ആസൂത്രണം ഇല്ലാതെയും ആരംഭിച്ച യൂണിറ്റിനായി ചെലവഴിച്ച 1088546 രൂപയിൽ സബ്സിഡി നല്കിയ 2 ലക്ഷം രൂപ കിഴിച്ച് 888546/- രൂപ നിലവിൽ നിർജ്ജീവാവസ്ഥയിലാണ്. ഭരണസമിതി വിഷയം പരിഗണിച്ച് പഞ്ചായത്ത് ചെലവഴിച്ച തുകയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതാണ്.





## 1-34 അധിക വിഭവ സമാഹരണം - അവലോകനം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന കെട്ടിടനികുതിയിൽ നിന്നും തൻവർഷം ലഭിച്ച വരുമാനം 11,56,288/- രൂപയാണ്. തൊഴിൽ നികുതി ഇനത്തിൽ 7,16,870/- രൂപയും വാടക ഇനത്തിൽ 15,93,300/- രൂപയും ലൈസൻസ് ഫീസ് ഇനത്തിൽ 4,13,901/- രൂപയുമാണ് തൻവർഷ വരവ്. പഞ്ചായത്തുകളിൽ ഉള്ള വീടുകളുടെയും ജനസംഖ്യ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ച നൽകുന്ന ജനറൽ പർപ്പസ് ഗ്രാൻഡ് ഇനത്തിൽ 8,216,000/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ഭരണ ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ആയതിനാൽ പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള

നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഭരണസമിതിയുടെ പ്രവർത്തനം

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 21.07.2023 ലെ 2/1 നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.
2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയില്ല.
4. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.
5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവുമായി യഥാർത്ഥ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.
3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. പഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളെ വാർഷിക കണക്കിലെ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതുമൂലം 2022-23 വർഷം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.
3. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ

സ്ഥാപനങ്ങളും അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.
4. സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
5. തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

നികുതിയേതര വരവുകൾ

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 131 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 575 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 21.10.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | | | | | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | സ്പിൽ ഓവർ | 810000 | ലൈഫ് മിഷൻ ഭവനപദ്ധതി (137/23) | 810000 | 0 |
| | 2022-23 | 460000 | ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ് സി പി (140/23) | 460000 | 0 |
| | സ്പിൽ ഓവർ | 680000 | ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ് സി പി (68/23) | 680000 | 0 |
| | സ്പിൽ ഓവർ | 660000 | ലൈഫ് മിഷൻ ഭവനനിർമ്മാണം - ടി എസ് പി (36/23) | 660000 | 0 |
| ആകെ | | 2610000 | ജില്ലാ പഞ്ചായത്ത് വിഹിതം | 2610000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | സ്പിൽ ഓവർ | 410000 | ലൈഫ് ഭവന നിർമ്മാണം - ജനറൽ (34/23) | 410000 | 0 |
| | 2022-23 | 200000 | അംഗൻവാടികൾക്ക് അനുപൂരക പോഷകാഹാരം (06/23) | 200000 | 0 |
| | 2022-23 | 167301 | പാലിയേറ്റിവ് കെയർ യൂണിറ്റ് (02/23) | 167301 | 0 |
| | സ്പിൽ ഓവർ | 1700000 | ലൈഫ് മിഷൻ ഭവനപദ്ധതി (137/23) | 1700000 | 0 |
| | 2022-23 | 106800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ബത്തയും സ്കോളർഷിപ്പും (147/23) | 106800 | 0 |
| | സ്പിൽ ഓവർ | 240000 | ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ് സി പി (68/23) | 240000 | 0 |
| | 2022-23 | 660000 | ലൈഫ് മിഷൻ ഭവനനിർമ്മാണം - എസ് സി പി (140/23) | 660000 | 0 |
| ആകെ | | 3484101 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3484101 | 0 |

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| NRHMകോട്ടയം | 72/23 കുടുംബാരോഗ്യ | 200000/- | 0 | 200000/- |

| | | | | |
|---|---|---|---|---|
| | കേന്ദ്രം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക നൽകൽ | | | |
| കെഎസ്ഇബി | 219/23 ശബരിമല തീർത്ഥാടന പാതയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 599432/- | 0.00 | 599432/- |
| ഭൂജല വകുപ്പ് | 215/23 വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി | 805790/- | 0.00 | 805790/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി.ഒ(എം.എസ്) 68/2018, 18.05.2018, | 34,60,000/- | 1,36,79,474/- | 22,48,957/- | -- | 1,48,90,517/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങളില്ല .

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 1, അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | | | കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | 2, അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5 | 2016-17 | 2, അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 31950623 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 29667628 |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 114194386 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 121547414 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,30,222/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 100000 | ശ്രീ. രാജൻകുട്ടി എൻ.ജി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-27 | 150000 | ശ്രീ. രാജൻകുട്ടി എൻ.ജി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-30 | 30000 | ശ്രീമതി ഷീബ രാജൻ, ഹെഡ്മാസ്റ്റർ |
| 1-31 | 2450222 | ശ്രീ. പ്രശാന്ത് ബി, സെക്രട്ടറി |
| ആകെ | 2730222 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08/10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(1)/2022/ 26.08.2022 | 03 |
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(2)/2022/ 26.08.2022 | 10 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(3)/2022/ 26.08.2022 | 5 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(4)/2022/ 26.08.2022 | 4 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(5)/2022/ 26.08.2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(6)/2022/ 26.08.2022 | 9 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(7)/2022/ 26.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി11/1085/2022/ 02.03.2022 | 11 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി11/1400/2022/14.12.2022 | 23 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി11/447/2023/31.03.2023 | 45 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം -കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 05-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Koruthode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koruthode Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Koruthode Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of assets. Asset not classified and evaluated. Asset register has not updated.
2. Documents for verification of capital contribution accounted not provided. Captal contribution opening balance details, fundwise capital
contribution of current year are not available.
3. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on
31/03/2023.

**2.Other Observations**

1. B5 schedule (KURDFC Loan) do not match with that of B16 Schedule (Prepaid Expenses).

2. All mandatory financial statements prescribed in accounting rules are not submitted for audit.
3. Asset generated during current year-detailed projectwise and fundwise data not provided.
4. Adequate provision for doubtful debts are not provided.
5. Government/Other dues register not maintained to substantiate financial statements.
6. Deposit and Advance registers are not reliable for audit.
7. Property Tax and Profession Tax demand registers do not match with Financial statements.
8. Cheques uncashed for more than 3 months were not transferred to Stale Cheque account.
9. One of the three bank accounts for health grant is not included in Financial statement.
10. Income/ Expenditure amounts of MGNREGS in cash book does not match with AFS
11. Interest amount of Central Finance Commission Grant has been wrongly accounted in different head of account.
12. Documents to certify the accuracy of amount accounted in the head of account-Recovery from Employees-Audit Recovery based on Charge certificate, not provided.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്